"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം- തസ്തിക നിർണ്ണയം 2024-2025- മലപ്പുറം ജില്ലയിലെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ അധിക തസ്തികകൾ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

**പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്**

സ.ഉ.(കൈ) നം.122/2025/GEDN തീയതി,തിരുവനന്തപുരം, 28-06-2025

പരാമർശം:-
1. 18.04.2022 തീയതിയിലെ സ.ഉ(പി) 5/2022/പൊ.വി.വ (S.R.O No.375/2022).
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 05.03.2025, 17.03.2025 തീയതികളിലെ ഡി.ജി.ഇ/7208/2024/എച്2 (Part-1) നമ്പർ കത്തുകൾ.
3. 29.05.2025 തീയതിയിലെ സ.ഉ.(കൈ)നം. 95/2025/GEDN നമ്പർ ഉത്തരവ്.

**ഉത്തരവ്**

2024-2025-ലെ അധിക തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട് പരാമർശം (2) പ്രകാരം, സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ അധിക തസ്തികകൾ അനുവദിക്കുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച ശിപാർശയിൽ മലപ്പുറം ജില്ലയിലൊഴികെയുള്ളവ അംഗീകരിച്ചുകൊണ്ടും, നിലമ്പൂർ നിയമസഭാമണ്ഡലത്തിലെ ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പെരുമാറ്റ ചട്ടം നിലവിൽ വന്നതിനാൽ മലപ്പുറം ജില്ലയിലെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ അധിക തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച് പ്രത്യേകം ഉത്തരവ് പിന്നീട് പുറപ്പെടുവിക്കുന്നതാണെന്ന് നിഷ്കർഷിച്ചുകൊണ്ടും പരാമർശം (3) പ്രകാരം ഉത്തരവായി.

2. നിലമ്പൂർ മണ്ഡലത്തിലെ തെരഞ്ഞെടുപ്പ് ഫലം വന്ന് പെരുമാറ്റചട്ടം അവസാനിച്ചതിനാൽ , പരാമർശം (3) ഉത്തരവിന് തുടർച്ചയായി, പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം സമർപ്പിച്ച ശുപാർശയിൽ ഉൾപ്പെട്ടിട്ടുള്ള മലപ്പുറം ജില്ലയിലെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ അധിക തസ്തികകൾ കൂടി പരാമർശം (3) ഉത്തരവിലെ ഖണ്ഡിക (4) ലെ വ്യവസ്ഥകൾക്കനുസൃതമായി അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. മലപ്പുറം ജില്ലയിലെ അധികതസ്തികകൾ അനുവദിക്കുന്ന സ്കൂളുകളിലെ തസ്തികനിർണ്ണയ ഉത്തരവുകൾ ഈ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അതത് വിദ്യാഭ്യാസ ഓഫീസർമാർ ചട്ട പ്രകാരം പുതുക്കി നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം,
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി വകുപ്പ്.
മാനേജർ ,സ്പാർക്.
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
(പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പൊതുഭരണ (എസ്.സി.) വകുപ്പ് (28.5.2025 തീയതിയിലെ ഇനം. നം.2990 പ്രകാരം)
ധനകാര്യ വകുപ്പ് (13.5.2025-E.3094390 /EDN-A3/121/2025-FIN)
ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ് തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും, സെക്ഷനുകൾക്കും.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Gireesh Parambath
Date: 28-06-2025 16:04:25

പകർപ്പ് - ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
ബഹു. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ.